ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:14.09.2025**

## പ്രധാനവാർത്തകൾ

1. ഇന്ന് ഹിന്ദി ദിവസ്. ഹിന്ദി ഭാഷയുടെ പ്രോത്സാഹനത്തിന് കൂട്ടായ ശ്രമം ആവശ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
2. പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് നാളെ തുടക്കമാകും. സഭ സമ്മേളിക്കുക 12 ദിവസം.
3. തിരുവനന്തപുരത്തും അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജാഗ്രത ശക്തമാക്കി ആരോഗ്യവകുപ്പ്. കോഴിക്കോട് ചികിത്സയിൽ കഴിയുന്ന രോഗികളുടെ ആരോഗ്യ നില തൃപ്തികരം.
4. ശ്രീകൃഷ്ണ ജയന്തി ആഘോഷ ലഹരിയിൽ സംസ്ഥാനം; ശോഭാ യാത്രക്കൊരുങ്ങി വീഥികൾ; അഷ്ടമിരോഹിണി വള്ളസദ്യയോടനുബന്ധിച്ച് ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ ഭക്തജനത്തിരക്ക്.
5. ഇന്ത്യ - ഓസ്ട്രേലിയ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം.

&&&&&&&&&&&&&&&&

RNU TVPM

പ്രധാനമന്ത്രി- അസം

അസമിൽ 18,530 കോടി രൂപയിലധികം ചെലവ് പ്രതീക്ഷിക്കുന്ന അടിസ്ഥാന സൗകര്യ, വ്യാവസായിക വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിച്ചു. മേഖലയിലെ മെഡിക്കൽ വിദ്യാഭ്യാസവും ആരോഗ്യ സംരക്ഷണവും ശക്തിപ്പെടുത്തുന്ന ദരാങ് മെഡിക്കൽ കോളേജ് & ഹോസ്പിറ്റൽ, ജിഎൻഎം സ്കൂൾ, ബി.എസ്‌സി. നഴ്‌സിംഗ് കോളേജ് എന്നിവ ഉൾപ്പെടെയാണ് ഉദ്ഘാടനം ചെയ്തത്. ഗോലാഘട്ടിൽ അസം ബയോ എത്തനോൾ പ്രൈവറ്റ് ലിമിറ്റഡിന്റെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിക്കും.

&&&&&&&&&&&&&&&&

ചരക്ക് സേവന നികുതി

രാജ്യത്ത് പരിഷ്കരിച്ച ചരക്ക് സേവന നികുതി നിരക്കുകൾ ഈ മാസം 22 മുതൽ പ്രാബല്യത്തിൽ വരും. മുൻപ് 18 ശതമാനം ജിഎസ്ടി ഈടാക്കിയിരുന്ന ആരോഗ്യ, ലൈഫ് ഇൻഷുറൻസ് പ്രീമിയം പൂർണ്ണമായും നികുതി രഹിതമാക്കിയതായി കേന്ദ്രസർക്കാർ അറിയിച്ചു. കാൻസർ, ഗുരുതര രോഗങ്ങൾ എന്നിവയുടെ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന 36 ജീവൻ രക്ഷാ മരുന്നുകളുടെ നികുതിയും സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. ഗ്ലൂക്കോമീറ്ററുകൾ, തെർമോമീറ്ററുകൾ തുടങ്ങിയ മെഡിക്കൽ ഉപകരണങ്ങളുടെയും ജിഎസ്ടി 5 ശതമാനമായി കുറച്ചു.

&&&&&&&&&&&&&&&&

ആദായനികുതി റിട്ടേൺ

2024–25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും. വൈകിയുള്ള നികുതി സമർപ്പണത്തിന് പിഴയും പലിശയും ഈടാക്കും.

RNU TVPM

&&&&&&&&&&&&&&&&

ഹിന്ദി ദിവസ് ( ഇൻട്രോ )

ഇന്ന് ഹിന്ദി ദിവസ്. 1949 ൽ ഈ ദിവസമാണ് ഭരണഘടനാ അസംബ്ലി ദേവനാഗരി ലിപിയിലെ ഹിന്ദി ഭാഷ രാജ്യത്തിന്റെ ഔദ്യോഗിക ഭാഷയായി അംഗീകരിച്ചത്. രാജ്യത്തിന്റെ സ്വത്വത്തിന്റെയും മൂല്യങ്ങളുടെയും ഊർജ്ജസ്വലമായ പൈതൃകമാണ് ഹിന്ദി ഭാഷയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസ സന്ദേശത്തിൽ പറഞ്ഞു. മറ്റ് ഇന്ത്യൻ ഭാഷകളോടൊപ്പം ഹിന്ദി ഭാഷയുടെ പ്രോത്സാഹനത്തിന് കൂട്ടായ ശ്രമം ആവശ്യമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. - ദിനാചരണത്തോട് അനുബന്ധിച്ച് ഇന്ന് ഗുജറാത്തിലെ ഗാന്ധിനഗറിൽ അഞ്ചാമത് അഖില ഭാരതീയ രാജ്ഭാഷാ സമ്മേളനം കേന്ദ്ര മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്യു. എല്ലാ ഭാഷകളെയും അണിനിരത്തി സ്വയംപര്യാപ്തമായ വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിൽ ഹിന്ദി സുപ്രധാന പങ്ക് വഹിക്കുമെന്ന് ശ്രീ അമിത് ഷാ ദിനാചരണ സന്ദേശത്തിൽ പറഞ്ഞു.

(അമിത് ഷാ വോയിസ്)

RNU TVPM

&&&&&&&&&&&&&&&&

കേരള നിയമസഭ

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് നാളെ തുടക്കമാകും. അന്തരിച്ച മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ, വാഴൂർ സോമൻ MLA എന്നിവർക്ക് അനുശോചനം അർപ്പിച്ച് ആദ്യ ദിനം സഭ പിരിയും. അടുത്ത മാസം 10 വരെ നീളുന്ന സമ്മേളന കാലയളവിൽ 12 ദിവസമാണ് സഭ ചേരുക. 15 ബില്ലുകൾ സഭയുടെ പരിഗണനയ്ക്ക് വരുമെന്നാണ് വിവരം.

&&&&&&&&&&&&&&&&

**അമീബിക് മസ്തിഷ്കജ്വരം**

സംസ്ഥാനത്ത് വീണ്ടും അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജാഗ്രത ശക്തമാക്കി ആരോഗ്യവകുപ്പ്. രോഗം ബാധിച്ച പതിനേഴുകാരൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. കുട്ടി കുളിക്കാനിറങ്ങിയ, ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ നീന്തൽക്കുളം പൂട്ടി വെള്ളത്തിന്റെ സാമ്പിൾ പരിശോധനക്ക് അയച്ചു. അതേസമയം, അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുന്ന 10 പേരുടെ ആരോഗ്യ നില തൃപ്തികരമാണെന്ന് അധികൃതർ അറിയിച്ചു. രോഗം ഭേദമായ കോഴിക്കോട് സ്വദേശി ഇന്നലെ ആശുപത്രി വിട്ടു.

&&&&&&&&&&&&&&&&

RNU TVPM

**എ കെ ശശീന്ദ്രൻ**

വന്യജീവി ആക്രമണത്തിൽ പൊറുതി മുട്ടുന്ന ജനങ്ങൾക്ക് ആശ്വാസം പകരുന്ന തീരുമാനമാണ് സംസ്ഥാന മന്ത്രിസഭ കൈക്കൊണ്ടതെന്ന് വനംമന്ത്രി എകെ ശശീന്ദ്രൻ. അക്രമകാരികളായ വന്യജീവികളെ വെടിവച്ചു കൊല്ലുന്ന തീരുമാനം എടുക്കാൻ കാലതാമസം ഉണ്ടാകുന്ന സാഹചര്യത്തിലാണ് നിബന്ധനകളിൽ ഇളവ് വരുത്തിയതെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. കേന്ദ്ര നിയമത്തിന്റെ അന്തസത്ത ഉൾക്കൊണ്ടാണ് സംസ്ഥാനം നിയമ നിർമ്മാണം നടത്തിയതെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&

**എക്സലൻഷ്യ 2025**

ദേശീയതലത്തിൽ മികവു തെളിയിച്ച കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ അനുമോദിക്കുന്ന

എക്സലൻഷ്യ 2025 പരിപാടി നാളെയും മറ്റന്നാളുമായി തിരുവനന്തപുരത്ത് നടക്കും. മന്ത്രി ആർ ബിന്ദു ചടങ്ങ് ഉദ്ഘാടനം ചെയ്യും. നാക്, NIRF, KIRF നേട്ടങ്ങൾ കരസ്ഥമാക്കിയ 145 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് 'മിനിസ്റ്റേഴ്സ് അവാർഡ് ഫോർ എക്സലൻസ്' നൽകി അനുമോദിക്കുന്നത്.

&&&&&&&&&&&&&&&&

## ആയുഷ് ശില്പശാല

"ആയുഷ് മേഖലയിലെ വിവരസാങ്കേതികവിദ്യാ പരിഹാരങ്ങൾ" എന്ന വിഷയത്തിൽ കേരളത്തിലെ ദേശീയ ആയുഷ് ദൗത്യം കോട്ടയത്ത് ശില്പശാല സംഘടിപ്പിക്കും. ഈ മാസം 18, 19 തീയതികളിൽ നടക്കുന്ന ശില്പശാലയിൽ നിരവധി വിദഗ്ധർ പങ്കെടുക്കും. ആരോഗ്യമന്ത്രി വീണ ജോർജ് ഉദ്ഘാടനം ചെയ്യും. ആയുഷ് സെക്രട്ടറി വൈദ്യ രാജേഷ് കൊടേച്ച മുഖ്യപ്രഭാഷണം നടത്തും.

RNU TVPM

&&&&&&&&&&&&&&&&

## കണ്ണൂർ- വിമാനം തിരിച്ചിറക്കി

പക്ഷിയിടിച്ചതിനെ തുടർന്ന് കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് അബുദാബിയിലേക്ക് പുറപ്പെട്ട വിമാനം തിരിച്ചിറക്കി. ഇന്ന് രാവിലെ 6.30ന് പുറപ്പെട്ട വിമാനമാണ് 45 മിനിട്ടിന് ശേഷം തിരിച്ചിറക്കിയത്. വിമാനത്തിന് കേടുപാടൊന്നും സംഭവിച്ചിട്ടില്ലെന്ന് സുരക്ഷാ പരിശോധനയ്ക്ക് ശേഷം വിമാനത്താവള അധികൃതർ അറിയിച്ചു. 180 ഓളം യാത്രക്കാരാണ് വിമാനത്തിൽ ഉണ്ടായിരുന്നത്. ഇവരെ അബുദാബിയിൽ എത്തിക്കുന്നതിനായി ഷാർജയിൽ നിന്ന് കണ്ണൂരിലേക്ക് എത്തുന്ന വിമാനം സജ്ജമാക്കും.

&&&&&&&&&&&&&&&&

**അക്ഷരക്കൂട്ട്**

തിരുവനന്തപുരത്ത് ഈ മാസം 18, 19 തീയതികളിൽ 'അക്ഷരക്കൂട്ട്' എന്ന പേരിൽ കുട്ടികളുടെ സാഹിത്യോത്സവം സംഘടിപ്പിക്കുമെന്ന് മന്ത്രി വി. ശിവൻകുട്ടി. സാഹിത്യരചനയിൽ താൽപര്യമുള്ള വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക, ദിശാബോധം നൽകുക എന്നിവയാണ് ലക്ഷ്യമിടുന്നത്. കനകക്കുന്ന് കൊട്ടാരം, ജവഹർ ബാലഭവൻ, മൺവിള ACSTI എന്നിവിടങ്ങളാണ് സാഹിത്യോത്സവത്തിന് വേദിയാകുക. വിവിധ ക്ലാസുകളിലെ 137 വിദ്യാർത്ഥികൾ രചിച്ച പുസ്തകങ്ങൾ പ്രദർശിപ്പിക്കും. രാവിലെ 10 മുതൽ വൈകീട്ട് 6 വരെയായിരിക്കും പ്രദർശനം.

**&&&&&&&&&&&&&&&&**

RNU TVPM

**ശ്രീകൃഷ്ണ ജയന്തി- ഇൻട്രോ**

ഇന്ന് ശ്രീകൃഷ്ണ ജയന്തി. ഗുരുവായൂർ ഉൾപ്പടെയുള്ള ക്ഷേത്രങ്ങളിൽ വിപുലമായ ആഘോഷ പരിപാടികളാണ് നടക്കുന്നത്. ശ്രീകൃഷ്ണ ക്ഷേത്രങ്ങളിൽ പ്രത്യേക പൂജകൾക്ക് പുറമെ പാൽപായസ പൊങ്കാല, ഉറിയടി, കലാപരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കും. നഗര ഗ്രാമവ്യത്യസമില്ലാതെ വർണ്ണാഭമായ ശോഭാ യാത്രയ്ക്കായി വീഥികൾ ഒരുങ്ങിക്കഴിഞ്ഞു. വൈകുന്നേരം 4 മണിക്ക് തിരുവനന്തപുരം നഗരത്തിൽ നടക്കുന്ന ശോഭാ യാത്ര അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ഭായി ഉദ്ഘാടനം ചെയ്യും.

**ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ടിലേയ്ക്ക്....**

**(വോയിസ്)**

**&&&&&&&&&&&&&&&&**

ശ്രീകൃഷ്ണജയന്തി- ആശംസ

മുഖ്യമന്ത്രി പിണറായി വിജയൻ, ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ തുടങ്ങിയവർ ശ്രീകൃഷ്ണ ജയന്തി ആശംസകൾ നേർന്നു. സത്യത്തിന്റെയും ധർമ്മത്തിന്റെയും വിജയത്തിന് പ്രേരണയാകട്ടെ ഈ വർഷത്തെ ശ്രീകൃഷ്ണ ജയന്തി എന്ന് മുഖ്യമന്ത്രി പറഞ്ഞു. ജന്മാഷ്ടമി എല്ലാവരിലും സന്തോഷവും സമൃദ്ധിയും നിറയ്ക്കട്ടെയെന്ന് ശ്രീ രാജീവ് ചന്ദ്രശേഖർ ആശംസിച്ചു.

&&&&&&&&&&&&&&&&

ആറന്മുള വള്ളസദ്യ- ഇൻട്രോ

ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ പ്രസിദ്ധമായ അഷ്ടമിരോഹിണി വള്ളസദ്യ ആരംഭിച്ചു. ദേവസ്വം മന്ത്രി വി എൻ വാസവൻ വള്ള സദ്യക്ക് തുടക്കം കുറിച്ചു. മന്ത്രി പി. പ്രസാദ് സന്നിഹിതനായിരുന്നു. ലോകത്ത് ഏറ്റവുമധികം ആളുകൾ ഒരുമിച്ച് ഭക്ഷണം കഴിക്കുന്ന സമൂഹസദ്യ എന്ന റെക്കോർഡ് അഷ്ടമിരോഹിണി വള്ള സദ്യയ്ക്ക് ലഭിച്ചിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....**

(വോയിസ്)

&&&&&&&&&&&&&&&&

വനിതാ ക്രിക്കറ്റ്

ഇന്ത്യ - ഓസ്ട്രേലിയ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് ന്യൂ ചണ്ഡീഗഢിൽ നടക്കും. ഉച്ചയ്ക്ക് 1:30 ന് ആണ് മത്സരം. ആകെ 3 മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

&&&&&&&&&&&&&&&&

RNU TVM

**പോലീസ് മർദ്ദനം- വി ഡി സതീശൻ**

പൊലീസ് മർദ്ദനം സംസ്ഥാനത്ത് തുടർക്കഥയാകുന്നുവെന്ന് പ്രതിപക്ഷനേതാവ് വി.ഡി സതീശൻ. നിരപരാധികൾ പൊലീസിന്റെ ക്രൂരമർദ്ദനത്തിരയാകുകയാണെന്നും വിഷയത്തിൽ സർക്കാർ മൗനം പാലിക്കുകയാണെന്നും അദ്ദേഹം വിമർശിച്ചു. ഇക്കാര്യത്തിൽ മുഖ്യമന്ത്രി നിയമസഭയിൽ മറുപടി പറയണമെന്നും പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടു.

**&&&&&&&&&&&&&&&&**

പ്രിയങ്കഗാന്ധി

കേരള സന്ദർശനം തുടരുന്ന പ്രിയങ്ക ഗാന്ധി എം പി ഇന്ന് കോഴിക്കോട് ഈങ്ങാപുഴയിൽ മർക്കസ് നോളെജ് സിറ്റി സന്ദർശിച്ചു. തുടർന്ന് എഴുത്തുകാരൻ എം എൻ കാരശ്ശേരിയുമായി ശ്രീമതി പ്രിയങ്ക കൂടിക്കാഴ്ച നടത്തി. ഉച്ചക്ക് ശേഷം താമരശ്ശേരി ബിഷപ്പിനെയും സന്ദർശിക്കും.

RNU TVPM

**&&&&&&&&&&&&&&&&**

**ചേർത്തല- കഞ്ചാവ് പിടിച്ചു**

ചേർത്തലയിൽ തീവണ്ടിയിൽ കടത്താൻ ശ്രമിച്ച 27 കിലോയോളം കഞ്ചാവ് പിടിച്ചെടുത്തു. പശ്ചിമ ബംഗാൾ സ്വദേശികളായ രണ്ടു പേരെ കസ്റ്റഡിയിലെടുത്തു. ചേർത്തല എക്സൈസ് സംഘമാണ് ഇവരെ പിടികൂടിയത്.

**&&&&&&&&&&&&&&&&**

ഹണി ട്രാപ്പ്

പത്തനംതിട്ടയിൽ യുവാക്കളെ ഹണി ട്രാപ്പിൽ കുടുക്കി മർദനത്തിനിരയാക്കിയ കേസിൽ യുവ ദമ്പതികൾ അറസ്റ്റിൽ. റാന്നി സ്വദേശിയായ യുവാവിനെ വിളിച്ചുവരുത്തി നഗ്ന

വീഡിയോ പകർത്തിയ ശേഷം ക്രൂരമായ ശാരീരിക പീഡനങ്ങൾക്ക് വിധേയനാക്കുകയായിരുന്നു. സംഭവത്തിൽ ചരൽക്കുന്ന് സ്വദേശിയായ ജയേഷ്, ഭാര്യ രശ്മി എന്നിവരാണ് പിടിയിലായത്. ആലപ്പുഴ സ്വദേശിയായ മറ്റൊരു യുവാവിനും സമാന അനുഭവം ഉണ്ടായതായി പോലീസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&

&&&&&&&&&

&&&

RNU TVPM